പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 464 13-10-2026-ൽ മറുപടിയ്ക്ക്

മഞ്ചേരിയിൽ പുതിയ ജില്ലാ ജയിൽ അനുവദിക്കുന്നതിനുള്ള നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. റഹ്മത്തുള്ള ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) മഞ്ചേരി സ്പെഷ്യൽ സബ് ജയിലിൽ അനുവദനീയമായതിനേക്കാൾ കൂടുതൽ അന്തേവാസികളെ പാർപ്പിക്കുന്നത് മൂലം രൂക്ഷമായ പ്രയാസങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്.

(ബി) മഞ്ചേരി സ്പെഷ്യൽ സബ് ജയിലിൽ എത്ര സ്ത്രീ പുരുഷ അന്തേവാസികളെ പാർപ്പിക്കാനുള്ള സൗകര്യമാണുള്ളത്; മലപ്പുറം ജില്ലയിലെ ഏതൊക്കെ പൊലീസ്, ഫോറസ്റ്റ്, എക്സൈസ് ഓഫീസുകളുടെ പരിധിയിൽ നിന്നുള്ള റിമാൻഡ് പ്രതികളെയാണ് നിലവിൽ ഇവിടെ പാർപ്പിച്ചു വരുന്നത്; വ്യക്തമാക്കാമോ;

മറുപടി: മഞ്ചേരി സ്പെഷ്യൽ സബ് ജയിലിലെ അംഗീകൃത ശേഷി 42 ആണ്. 30 - പുരുഷൻ, 12 - സ്ത്രീ. എന്നാൽ ശരാശരി 90 ഓളം തടവുകാരെ ടി ജയിലിൽ പാർപ്പിച്ചു വരുന്നു. മലപ്പുറം ജില്ലയിലെ ചുവടെ ചേർക്കുന്ന 18 പോലീസ് സ്റ്റേഷനുകൾ,

4 എക്സൈസ് ഓഫീസുകൾ, 3 ഫോറസ്റ്റ് സ്റ്റേഷനുകൾ, 3 മറ്റുള്ള കേന്ദ്രങ്ങളുമായും ബന്ധപ്പെട്ട കേസ്സുകളിൽ ഉൾപ്പെട്ട തടവുകാരെയാണ് മഞ്ചേരി സെഷ്യൽ സബ് ജയിലിൽ പാർപ്പിച്ചു വരുന്നത്.

പോലീസ് സ്റ്റേഷനുകൾ

കരിപ്പൂർ, കൊണ്ടോട്ടി, കോട്ടക്കൽ, മലപ്പുറം, മലപ്പുറം വനിത, മലപ്പുറം സൈബർ, നിലമ്പൂർ, എടക്കര, അരീക്കോട്, കാളികാവ്, കരുവാരകുണ്ട്, പോത്തുകൽ, പൂക്കോട്ടുംപാടം, വാഴക്കാട്, വഴിക്കടവ്, വേങ്ങര, മഞ്ചേരി, എടവണ്ണ.

എക്സൈസ് ഓഫീസുകൾ

ഇ.ആർ.ഒ. നിലമ്പൂർ, പരപ്പനങ്ങാടി ഇ .ആർ.ഒ., മഞ്ചേരി ഇ.ആർ.ഒ., മലപ്പുറം ഇ.ആർ.ഒ.

ഫോറസ്റ്റ് സ്റ്റേഷനുകൾ

ഫോറസ്റ്റ് നിലമ്പൂർ, കൊട്ടുംബുഴ ഫോറസ്റ്റ് (അരീക്കോട്/ ഫോറസ്റ്റ് സ്റ്റേഷൻ)

മറ്റുള്ളവ

ആർ.പി.എഫ്., ക്രൈംബ്രാഞ്ച് മലപ്പുറം, കസ്റ്റംസ് കരിപ്പൂർ എയർപോർട്ട്

(സി) സംസ്ഥാനത്ത് ജില്ലാ ജയിൽ ഇല്ലാത്ത ഏക ജില്ല മലപ്പുറം ആണെന്ന കാര്യവും ജില്ലയിലെ സെഷൻസ് കോടതി ഉൾപ്പെടെയുള്ള കോർട്ട് കോംപ്ലക്സ് മഞ്ചേരിയിലാണ് സ്ഥിതി ചെയ്യുന്നത് എന്ന കാര്യവും പരിഗണിച്ച് മഞ്ചേരിയിൽ ജില്ലാ ജയിൽ അനുവദിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>മറുപടി:</u> ഈ കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ